# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2681 18.06.2018 - ൽ മറുപടിക്ക്

## ദേശീയപാത നാലുവരി വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) ദേശീയപാത നാലുവരി വികസനത്തിന് റോഡിന് ഇരുവശത്തുനിന്നും ഒരേപോലെ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പാതയുടെ ഒരു വശത്ത് നിന്നു മാത്രം പരമാവധി ഭൂമി ഏറ്റെടുക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ കണ്ടെത്തിയ വസ്തുതകൾ എന്താണെന്നും വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ ഇപ്രകാരം ഏതെല്ലാം പ്രദേശങ്ങളിലാണ് പാതയുടെ ഒരു വശത്ത് നിന്ന് മാത്രം ഭൂമി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എ) (ബി) & (സി) ദേശീയപാത നാലുവരി വികസനത്തിന് റോഡിന് ഇരുവശത്തുനിന്നും ഒരേപോലെ ഭൂമി ഏറ്റെടുക്കാൻ എല്ലാ ഭാഗങ്ങളിലും സാധിച്ചിട്ടില്ല. സ്ഥലമേറ്റെടുക്കുന്നത് സാങ്കേതിക ആവശ്യകത അനുസരിച്ചുള്ള വിശദമായ രൂപരേഖ അടിസ്ഥാനപ്പെടുത്തിയും ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ കോഡുകൾ / മോർത്ത് മാനദണ്ഡങ്ങൾ അനുസരിച്ചും ആണ്. ദേശീയപാത 66 ന്റെ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ കഴിവതും രണ്ട് വശങ്ങളിൽ നിന്ന് തുല്യമായി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടു-ള്ളത്. എന്നാൽ കാസർഗോഡ് ജില്ലയിലെ നിലവിലെ അലൈൻമെന്റിൽ ബാധകമായിട്ടുള്ള സുരക്ഷാമാനദ-ണ്ഡങ്ങളും,ഐ.ആർ.സി കോഡുകളും കണക്കിലെടുത്ത് ഡിസൈൻ സ്പീഡിൽ രൂപകല്പന ചെയ്യുമ്പോൾ നിലവിലെ അലൈൻമെന്റിൽ മധ്യരേഖയിൽ നിന്നും 22.5 മീറ്റർ

| | | | |
|---|---|---|---|
| | | | വീതം രണ്ടുവരികളിലും നിജപ്പെടുത്തി അലൈൻമെന്റ് നിർണയിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 2 വശങ്ങളിൽ നിന്നും തുല്യമായി ഏറ്റെടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്. |
| (ഡി) | കാസർഗോഡ് ജില്ലയിൽ സർക്കാർ ഭൂമിയുണ്ടായിരിക്കെ സ്വകാര്യ വ്യക്തിയുടെ ഭൂമി പരമാവധി എവിടെയെങ്കിലും ഏറ്റെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (ഡി) | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ ആകെ 377.83 ഹെക്ടർ സ്ഥലമാണ് ആവശ്യമുള്ളത്. ഇതിൽ 280.84 ഹെക്ടർ (74.23%) സ്ഥലവും സർക്കാർ ഭൂമിയാണ് |

**സെക്ഷൻ ഓഫീസർ**